"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ. T. P. അബ്ദുൽ മജീദ് - ന്റെ പ്രൊബേഷൻ പ്രഖ്യാപിച്ച് - ഉത്തരവാകുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.3/2024/AGRI തീയതി,തിരുവനന്തപുരം, 03-01-2024

---

പരാമർശം:-
1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 526/2023/കൃഷി, തീയതി 30/05/2023.
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 22/12/2023 തീയതിയിലെ ADFW/13628/2023-SB1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറായി പരാമർശം (1) ഉത്തരവ് പ്രകാരം 01/06/2023 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ച ശ്രീ. T. P. അബ്ദുൽ മജീദ് - ന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാൾക്കെതിരെ വിജിലൻസ് അന്വേഷണമോ /അച്ചടക്ക നടപടിയോ നിലവിലില്ലെന്നും പ്രൊബേഷൻ കാലയളവിൽ ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല എന്നും അതിനാൽ ടിയാളുടെ പ്രൊബേഷൻ 01/12/2023 പൂർവ്വാഹ്നം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാവുന്നതാണെന്നും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 01/06/2023 പൂർവ്വാഹ്നം കൃഷി ഡെപ്യൂട്ടി ഡയറക്ടറായി ജോലിയിൽ പ്രവേശിച്ച ശ്രീ. T. P. അബ്ദുൽ മജീദ് - ന്റെ ടി തസ്തികയിലെ പ്രൊബേഷൻ 01/12/2023 പൂർവ്വാഹ്നത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ശ്രീ. T. P. അബ്ദുൽ മജീദ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം).
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA1/255/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ